ശ്രീ രാം ചന്ദ്ര മിഷൻ®

# ഇക്കോസ് ഇന്ത്യ

നവംബർ 2008 | സ്വകാര്യ പ്രചരണത്തിന് മാത്രം | വാല്യം 1 ലക്കം 6

പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരെ,

ഇക്കോസ് ഇന്ത്യ വാർത്താപത്രികയുടെ 2008–ലെ അവസാന ലക്കത്തിലേക്ക് സ്വാഗതം. നമ്മുടെ മിഷനെക്കുറിച്ചുള്ള വാർത്തകൾ സമാഹരിക്കുവാനും അവയെ എട്ട് പ്രാദേശിക ഭാഷകളിലേക്ക് പരിഭാഷ ചെയ്യാനും സാധിച്ചതിലൂടെ രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിലെ പത്രികാംഗങ്ങൾക്ക് സംതൃപ്തി പകർന്ന വർഷമായിരുന്നു ഇത്. പരിഭാഷകരുടെ പൂർണ്ണ മനസ്സോടെയുള്ള സഹകരണമില്ലായിരുന്നെങ്കിൽ വാർത്താ പത്രികയുടെ സമയബന്ധിതമായ പ്രകാശനം സാധ്യമാകുമായിരുന്നില്ല.ന്യൂസ് വളണ്ടിയർ മാരുടെയും,സോണൽ കോർഡിനേറ്റർമാരുടെയും സോണൽ ഇൻ ചാർജ്ജ്മാരുടെയും അത്യുത്സാഹത്തിൻെറ ഫലമായാണ് വർദ്ധിച്ച തോതിലുള്ള വാർത്തകൾ നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്നത്.

തമിഴ്നാട്, ചൈന, ആന്ധ്രപ്രദേശ് എന്നിവിടങ്ങിളിലേക്കുള്ള മാസ്റ്ററുടെ പര്യടനത്തെക്കുറിച്ചുള്ള വാർത്തകളാണ് ഇക്കോസ് ഇന്ത്യ വാർത്താപത്രികയുടെ നവംബർ ലക്കത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിലെ സ്കൂളുകളിലും കോളേജുകളിലും വെച്ച് നടത്തിയ പ്രബന്ധരചനാ മത്സരം, പരിശീലന പരിപാടികൾ, തുറന്ന സദസ്സുകൾ, മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിലൂന്നിയ പദ്ധതികൾ തുടങ്ങിയവയെപ്പറ്റിയുള്ള വിവരങ്ങളും ഈ ലക്കത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

2009 ജനുവരി ലക്കത്തിലേക്കായുള്ള വാർത്തകൾ ലഭിക്കേണ്ട അവസാന തീയ്യതി 2008 ഡിസംബർ 15 ആണ്. വാർത്തകളും അനുബന്ധ ഫോട്ടോകളും ദയവായി സോണൽ കോർഡിനേറ്റർമാരോ സോണൽ ഇൻ ചാർജ്ജ്മാരോ മുഖേന അയച്ചുതരിക.

ഇക്കോസ് ഇന്ത്യ പത്രികാംഗങ്ങൾ

## ഗൃഹാതുരത്വമുണർത്തിയ മധുരൈ സന്ദർശനം



തിരുച്ചിയിൽ (ട്രിച്ചി) നിന്നും കരമാർഗ്ഗം പുറപ്പെട്ട മാസ്റ്റർ ആഗസ്റ്റ് മുപ്പതിന് വൈകുന്നേരം മധുരൈ ആശ്രമത്തിൽ എത്തിച്ചേർന്നു. ചെന്നൈയ്ക്കും തിരുപ്പൂരിനും ശേഷം മധുരൈയാണ് നമ്മുടെ മിഷൻെറ തമിഴ്നാട്ടിലുള്ള ഏറ്റവും വലിയ സെൻറർ. മൂന്ന് ഏക്കറിലാണ് ഇവിടുത്തെ ആശ്രമം സ്ഥിതി ചെയ്യുന്നത്. വാരാന്ത്യം മാസ്റ്ററോടൊപ്പം ചെലവഴിക്കാൻ ദക്ഷിണ മധുരയിലെ മുഴുവൻ സെൻററുകളിൽ നിന്നും വന്നെത്തിയ രണ്ടായിരത്തോളം വരുന്ന അഭ്യാസികൾ ധ്യാനമന്ദിരത്തിൽ സന്നിഹിതരായിരുന്നു. പ്രതിനിധികളുടെ കാർഡിൽ അടങ്ങിയിരുന്ന പ്രമേയം "മാസ്റ്ററുടെ സ്നേഹം നുകർന്നുകൊണ്ട്"എന്നായിരുന്നു.

ആഗസ്റ്റ് 31 ഞായറാഴ്ച സത്സംഗത്തിനുശേഷം മാസ്റ്റർ അര മണിക്കൂറോളം നല്ല ഒഴുക്കുള്ള തമിഴിൽ പ്രഭാഷണം നടത്തി. കുടുംബ ജീവിതവും ആത്മീയതയും എന്നതായിരുന്നു പ്രഭാഷണ വിഷയം. സ്ത്രീകൾ ഭർത്താക്കന്മാരുടെ കരം പിടിക്കണം, എന്നാൽ ഹൃദയത്തിൽ പ്രതിഷ്ഠിക്കേണ്ടത് മാസ്റ്ററെയാണ് എന്നദ്ദേഹം പറയുകയുണ്ടായി. ഭാര്യാഭർത്താക്കന്മാർ ഒരുമിച്ച് സഹജ മാർഗ്ഗത്തിൽ വന്നാൽ വളരെ നന്നായിരിക്കുമെന്നും സന്തുഷ്ടമായ ദാമ്പത്യ ജീവിതം നയിക്കാൻ ദേഷ്യം, സംശയം, അസൂയ എന്നീ മൂന്ന് കാര്യങ്ങൾ ഒഴിവാക്കണമെന്നും മാസ്റ്റർ അഭിപ്രായപ്പെട്ടു. അവസാനം മാസ്റ്റർ ഇങ്ങനെ നിരീക്ഷിക്കുകയുണ്ടായി; ഭൂമിയിൽ വീടുകൾ പണിയാൻ അഭിനിവേശം കാണിക്കാതിരിക്കുന്നതിനോടൊപ്പം നാം ഓർക്കേണ്ടത് ഇതാണ്, നമ്മളോരോരുത്തരുടെയും ഉള്ളിൽ തന്നെയാണ് നമ്മുടെ ജന്മഗൃഹം സ്ഥിതി ചെയ്യുന്നത് എന്ന്.

ഗതകാല സ്മരണകൾ അയവിറക്കാനും തൻെറ വിവാഹം നടന്ന കല്യാണ മണ്ഡപവും സത്സംഗം നടക്കാറുണ്ടായിരുന്ന വലംജീ മാൻഷൻ സന്ദർശിക്കുവാനും മാസ്റ്റർ സമയം കണ്ടെത്തി. ടി.ടി.കെ എന്ന സ്ഥാപനത്തിൽ ജോലി ചെയ്തു കൊണ്ടിരുന്ന സമയത്ത് ഈ സ്ഥലം സന്ദർശിച്ചതിൻെറ ഗൃഹാതുരത്വമുണർത്തുന്ന ഓർമ്മകൾ ഈയവസരത്തിൽ മാസ്റ്റർ പങ്കു വെച്ചു

വിരുദുനഗറിൻെറ സമീപത്തുള്ള ചിന്നവള്ളിക്കുള്ളം ആശ്രമത്തിലേക്ക് മാസ്റ്റർ ഹ്രസ്വ സന്ദർശനം നടത്തുകയും അവിടെയുള്ള അഭ്യസികളോടൊപ്പം സമയം ചെലവഴിക്കുകയും ചെയ്തു. മാസ്റ്റർ അവിടെ വെച്ച് ഇങ്ങനെ പറഞ്ഞു "ഇവിടെ വരുമ്പോളെല്ലാം എനിക്ക് സുഖ നിദ്ര ലഭിക്കാറുണ്ട്". വിരുദുനഗറിലേക്ക് ബാബൂജി മഹാരാജ് നടത്തിയ സന്ദർശനത്തിൻെറ ഫോട്ടോകളടങ്ങിയ പഴയ ഒരു ആൽബത്തിലൂടെ മാസ്റ്റർ കണ്ണോടിക്കുകയും താരതമ്യേന വലിയ ഒരു ഗ്രൂപ്പ്ഫോട്ടോയിൽ നിന്നും വളരെ ശ്രദ്ധയോടെ അഭ്യാസികളെ തിരിച്ചറിയുകയും ചെയ്തു. വിരുദുനഗറിലെ ടി.ടി.കെ സ്ഥാപനത്തിൽ അദ്ദേഹത്തിൻെറ കൂടെ ജോലിചെയ്തിരുന്ന പലരും ഇന്ന് ജീവിച്ചിരിപ്പില്ല എന്ന് അദ്ദേഹം ദുഖത്തോടെ മനസ്സിലാക്കി.

എപ്പോഴും ചെയ്യാറുള്ളതുപോലെ ധാരാളം അഭ്യാസികളെ ദിവസവും സ്വീകരിക്കാനും അവരുടെ വ്യക്തി ജീവിതത്തിലെ പ്രശ്നങ്ങളെയും അപേക്ഷകളെയും കൈകാര്യം ചെയ്യുവാനും അദ്ദേഹം സമയം കണ്ടെത്തി. സപ്തംബർ മൂന്നിന് മാസ്റ്റർ ചെന്നൈയിലേക്ക് വിമാനത്തിൽ മടങ്ങി.








## മാസ്റ്ററുടെ ചരിത്ര പ്രാധാന്യം നിറഞ്ഞ ആദ്യ ചൈനാ സന്ദർശനം

(16-23 സപ്റ്റംബർ 2008)

ഷാങ്ങ്ഹായ് പുഡോങ്ങ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ വെച്ച് ഇമിഗ്രേഷൻ ക്ലിയറൻസിനു ശേഷം കാറിൽ കയറിയ മാസ്റ്റർ ഇങ്ങനെ പറഞ്ഞു " അവസാനം നമ്മൾ ഇതാ ചൈനയിൽ". പ്രദേശത്തെ അഭ്യാസികളും മറ്റു രാജ്യങ്ങളിൽ നിന്നുള്ള ഒരു ചെറിയ സംഘം ചൈനീസ് അഭ്യാസികളും മാസ്റ്ററെ സ്വീകരിക്കാൻ അദ്ദേഹം പിന്നീട് താമസിച്ചിരുന്ന ഗ്രീൻപാർക്ക് എന്ന സ്ഥലത്ത് അകാംക്ഷയോടെ കാത്ത് നിൽക്കുന്നുണ്ടായിരുന്നു. എത്തിയ ഉടനെ തന്നെ മാസ്റ്റർ ഇങ്ങനെ പറഞ്ഞു കൊണ്ട് സത്സംഗം നടത്താനൊരുങ്ങി "ബീജിംഗ് ഒളിമ്പിക്സിൽ ചെയ്തത് പോലെ ദീപശിഖ തെളിയിച്ച് നമുക്കും വെടിക്കെട്ടോടെ തുടങ്ങാം". മുറിയിൽ സന്നിഹിതരായിരുന്ന എല്ലാവരും അഭ്യാസികളാണോ എന്ന് അദ്ദേഹം തിരക്കുകയും, ഏതായാലും മുഴുവൻ ചൈനയ്ക്കുമായി സംപ്രേഷണം ചെയ്യുന്നത് കൊണ്ട് അത് കാര്യമാക്കാനില്ലെന്ന് ഉടനെ കൂട്ടിച്ചേർക്കുകയും ചെയ്തു.


"ഹൃദയത്തിൻെറ ഭാഷ" എന്ന പ്രമേയത്തെ ആസ്പദമാക്കി മാസ്റ്റർ മൂന്ന് ദിവസത്തെ ഒരു സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. നാൽപതോളം അഭ്യാസികളോടൊപ്പം, കാഴ്ചകൾ കാണാനും ഷോപ്പിംഗ് നടത്തുവാനും മാസ്റ്റർ സമയം കണ്ടെത്തിയിരുന്നു. ചിലപ്പോൾ ഭക്ഷണത്തിനുശേഷം ദീർഘമായി അദ്ദേഹം സംസാരിക്കുമായിരുന്നു. സംഭാഷണത്തിനിടയിൽ, ചൈനയെപ്പറ്റി പരാമർശിച്ചപ്പോൾ, അദ്ദേഹം ചൈനീസ് അഭ്യാസികളെ അനുഗ്രഹിക്കുകയും ഇപ്പോൾ വിതച്ച വിത്ത് ഭാവിയിൽ നല്ലൊരു വിളവെടുപ്പിന് കളമൊരുക്കുമെന്ന് പ്രത്യാശിക്കുകയും ചെയ്തു. ചൈനയിലെ ഷാൻക്സി പ്രവിശ്യയിലെ സിയാൻ നഗരത്തിൽ സഹജ മാർഗ്ഗം വളർന്നു തുടങ്ങുമെന്ന് അദ്ദേഹം പ്രത്യേകം പരാമർശിക്കുകയുണ്ടായി.

SRCM

# ഇക്കോസ് ഇന്ത്യ

നവംബർ 2008 സ്വകാര്യ പ്രചരണത്തിന് മാത്രം വാല്യം 1 ലക്കം 6





ചൈനീസ് ജനതയെ അഭിസംബോധന ചെയ്ത് സെമിനാറിൽ മാസ്റ്റർ ഇങ്ങനെ പറഞ്ഞു:–

രാജ്യങ്ങൾ, മതങ്ങൾ തുടങ്ങിയവയുടെ അടിസ്ഥാനത്തിൽ നാം, നമ്മെ വേർതിരിച്ച് കാണുന്നു. ദൈവം ഇങ്ങനെയുള്ള വേർതിരിവുകൾ സൃഷ്ടിച്ചിട്ടില്ല. ദൈവം സൃഷ്ടിച്ചത് മനുഷ്യനേയും സ്നേഹത്തേയുമാണ് അല്ലാതെ വേറൊന്നുമല്ല. നാമാദ്യം മനുഷ്യനാകണം. അതിനു ശേഷം മറ്റുള്ളവരെ മനുഷ്യരാക്കാൻ ശ്രമിക്കണം. ഞങ്ങൾ ഇവിടെ വന്നത് തിരഞ്ഞെടുക്കപ്പെട്ട ഈ വഴി നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുവാനും അതിലൂടെ മുന്നോട്ടു പോകുവാൻ നിങ്ങളെ സഹായിക്കുവാനും പിന്നെ നിങ്ങൾക്കു നഷ്ടപ്പെട്ട നിങ്ങളുടെ ഉള്ളിലെ സ്വാതന്ത്ര്യം വീണ്ടെടുക്കാനുമാണ്. സ്വാതന്ത്ര്യത്തിൻെറ വഴിയാണ് സഹജ മാർഗ്ഗം.

> "അദ്ദേഹത്തെ സേവിക്കാൻ ശരിക്കും നമ്മൾ സന്നദ്ധരാണോ?
> അതിനു വേണ്ടുന്ന യോഗ്യതകളാണ് സി.എ.ഡി : കമ്മിറ്റ്മൻെറ്(അർപ്പണബോധം), അപ്ലിക്കേഷൻ(പ്രാവൃത്തികമാക്കൽ) പിന്നെ ഡിറ്റർമിനേഷൻ (നിശ്ചയദാർഢ്യം)"
>
> പി. രാജഗോപാലാചാരി–ചൈന–2008

## മാസ്റ്ററുടെ ഹൈദരാബാദ് പര്യടനം

മാസ്റ്റർ 2008 ഒക്ടോബർ 11, ശനിയാഴ്ച ചെന്നൈയിൽ നിന്നും ഹൈദരാബാദിൽ എത്തിച്ചേർന്നു. അദ്ദേഹത്തെ ആയിരക്കണക്കിന് അഭ്യാസികൾ പ്രധാന പ്രവേശന കവാടത്തിൽ നിന്നും കോട്ടേജ് വരെ വളരെ അച്ചടക്കത്തോടെ എതിരേറ്റു. വൈകുന്നേരത്തെ സത്സംഗം മാസ്റ്റർ ധ്യാന മന്ദിരത്തിൽ വെച്ച് നടത്തി.

മാസ്റ്ററുടെ സന്ദർശന വേളയിൽ അദ്ദേഹം ആന്ധ്രാപ്രദേശിലെ വിവിധ സ്ഥലങ്ങളിൽ നിന്നുള്ള അഭ്യാസികളെ കാണുകയും മിഷൻെറ നടത്തിപ്പിനെപ്പറ്റി ഭാരവാഹികളുമായി ചർച്ച ചെയ്യുകയും ചെയ്തു. നാല് പുതിയ പ്രശിക്ഷകരെ തയ്യാറാക്കിയ അദ്ദേഹം വളരെ സന്തുഷ്ടനും ഉല്ലാസവാനുമായി കാണപ്പെട്ടു.

12–ാം തീയ്യതി ഞായറാഴ്ച കാലത്തെ സത്സംഗത്തിനു ശേഷം മാസ്റ്റർ മൂന്ന് വിവാഹങ്ങൾ നടത്തി. അതിനുശേഷം അദ്ദേഹം നടത്തിയ പ്രഭാഷണം തുടങ്ങിയതിങ്ങനെയായിരുന്നു. എൻെറ ജോലിക്ക് രണ്ട് ഘടകങ്ങൾ ഉണ്ട്. 1. മാസ്റ്റർ അനുവദിച്ചതിൽ കൂടുതലായി ഒന്നും എനിക്ക് ചെയ്യാൻ സാധ്യമല്ല . 2. എനിക്കു മാസ്റ്റർ അനുവദിച്ചത് ചെയ്യുവാനുള്ള ശക്തിയും ഇച്ഛയും ഉണ്ടാവണം. മൂന്നാമത്തേതും വളരെ പ്രധാനപ്പെട്ടതും ആയത് നിങ്ങളുടെ സഹകരണമാണ് എങ്കിൽ മാത്രമേ അദ്ദേഹത്തിൻെറ ജോലി നിങ്ങളിൽ ചെയ്യുവാനും അതിൻെറ ഫലം നിങ്ങളിൽ കാണുവാനും കഴിയുകയുള്ളൂ. സഹകരണം എന്നതു കൊണ്ട് ഞാനുദ്ദേശിക്കുന്നത് സഹജ മാർഗ്ഗത്തിലെ 10 പ്രമാണങ്ങളനുസരിച്ച് ജീവിതം നയിക്കുക, ചിട്ടയായുള്ള പരിശീലനം, ആന്തരീകവും ബാഹ്യവുമായ അച്ചടക്കം, ലൗകിക ജീവിതത്തിലും അധ്യാത്മിക ജീവിതത്തിലുമുള്ള അച്ചടക്കം, വീടിനകത്തും പുറത്തുമുള്ള അച്ചടക്കം, ഇതിനെല്ലാം പുറമെ ചിന്തകളെ ചിട്ടപ്പെടുത്തുക എന്നിവയാണ്. കാരണം എല്ലാ പ്രശ്നങ്ങളുടെയും മൂലകാരണം ചിന്തകളാണ്.






ഞായറാഴ്ച ഉച്ചയ്ക്കു ശേഷം ആന്ധ്രാപ്രദേശിലെ 125–ൽ പരം പ്രശിക്ഷകരുടെ കൂടിക്കാഴ്ച ഉണ്ടായിരുന്നു. ഒക്ടോബർ 8–ാം തീയ്യതിയിലെ മാസ്റ്റർ നൽകിയ സന്ദേശത്തെയും, കാലത്ത് മാസ്റ്റർ നൽകിയ പ്രസംഗത്തിനെപ്പറ്റിയും പ്രശിക്ഷകർക്ക് പ്രതിഫലിപ്പിക്കുവാൻ അവസരം ലഭിച്ചു. അതിനു ശേഷം മാസ്റ്റർ അവരെ അഭിസംബോധന ചെയ്യുകയും അവർക്കായി ഒരു സത്സംഗം നടത്തുകയും ചെയ്തു.

വൈകുന്നേരത്തെ സത്സംഗത്തിനുശേഷം എൻെറ ഇവിടുത്തെ ജോലി നേരത്തെ തീർന്നതിനാൽ ഞാൻ ഇവിടെ നിന്നും യാത്രതിരിക്കുന്നു എന്നു പറഞ്ഞ് ഒരു ദിവസം നേരത്തെതന്നെ യാത്ര തിരിക്കാൻ തീരുമാനിച്ചു.

തിങ്കളാഴ്ച മാസ്റ്റർ ദൊമാൽഗുഡ യോഗാശ്രമത്തിലേക്ക് യാത്ര തിരിച്ചു. 5 വർഷത്തെ ഇടവേളയ്ക്കുശേഷമാണ് മാസ്റ്റർ ഇവിടം സന്ദർശിക്കുന്നത്. മാസ്റ്റർ വൈകുന്നേരത്തെ സത്സംഗം നടത്തുകയും രാത്രി ആശ്രമത്തിൽ തന്നെ സമയം ചെലവഴിക്കുകയും ചെയ്തു. ചൊവ്വാഴ്ച കാലത്ത് അദ്ദേഹം അവിടെ നിന്നും കൊൽക്കത്തയിലേക്ക് യാത്ര തിരിച്ചു.





SRCM

# ഇക്കോസ് ഇന്ത്യ

Zonal Roundup

നവംബർ 2008 | സ്വകാര്യ പ്രചരണത്തിന് മാത്രം | വാല്യം 1 ലക്കം 6


## ധാർമ്മികതയും സദാചാരവും

### അണ്ണാ സർവ്വകലാശാല, ചെന്നൈ

2008 ആഗസ്റ്റ് 28-നു ചെന്നൈയിലുള്ള അണ്ണാ സർവ്വകലാശാലയിലെ പ്രിൻറിംഗ് ടെക്നോളജി വിഭാഗത്തിലെ 125 എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കും 6 അദ്ധ്യാപകർക്കുമായി ഒരു പ്രഭാഷണവും തുടർന്ന് 2 മണിക്കൂർ നീണ്ടു നിന്ന തുറന്ന ചർച്ചയും നടത്തപ്പെട്ടു. ശ്രീ രാം ചന്ദ്ര മിഷൻെറ ജനറൽ സെക്രട്ടറി സഹോ. എ.പി.ദുരൈ-യാൽ നടത്തപ്പെട്ട ഈ യോഗത്തിൻെറ വിഷയം 'ഭാവിയിലേക്കുള്ള പാത പാകിയിരിക്കുന്നത് ധാർമ്മികതയാലും സദാചാരത്താലുമാണ്' എന്നാണ്. ഈ വിഷയത്തെപ്പറ്റിയുള്ള സഹജമാർഗ്ഗ കാഴ്ച്ചപ്പാടും മാസ്റ്ററുടെ കാലാകാലങ്ങളായുള്ള നിരീക്ഷണങ്ങളും അദ്ദേഹം അവതരിപ്പിച്ചു. " ധാർമ്മികത നിങ്ങളേയും മറ്റുള്ളവരേയും സംബന്ധിക്കുന്നതാണ്. സദാചാരം നിങ്ങളെമാത്രം സംബന്ധിക്കുന്നതും അത് നിങ്ങളുടെ ശാരീരിക, മാനസിക, ആത്മീയ ഘടനകളെ അപായപ്പെടുത്താൻ ഉതകുന്നതൊന്നും തന്നെ ചിന്തിക്കുകയോ ചെയ്യാതിരിക്കലുമാണ്".

മാസ്റ്ററെക്കുറിച്ചും മിഷനെക്കുറിച്ചും പല വിദ്യാർത്ഥികളും ചോദ്യങ്ങൾ ചോദിച്ചു. അവരിൽ കുറെ പേർ ബാബുജി മെമ്മോറിയൽ ആശ്രമം സന്ദർശിക്കാൻ താൽപ്പര്യം പ്രകടിപ്പിച്ചു. സീനിയർ ലക്ചറർ ശ്രീ. കെ.വിപിനേന്ദ്രനാണ് ഈ യോഗം സംഘടിപ്പിച്ചത്.





## അന്താരാഷ്ട്ര സമാധാന ദിനം



ഐക്യ രാഷ്ട്ര സംഘടനയുടെ അന്താരാഷ്ട്ര സമാധാന ദിനത്തോടനുബന്ധിച്ച് ലോകത്തുള്ള എല്ലാ കേന്ദ്രങ്ങളിലും പ്രാർത്ഥനാ യോഗങ്ങൾ സെപ്റ്റംബർ 21-ന് സംഘടിപ്പിക്കപ്പെട്ടു. ഗുജറാത്തിൽ ബുധനാഴ്ച്ച സത്സംഗം നടക്കുന്ന വേദികളിൽ അഭ്യാസികളുടെ സുഹൃത്തുക്കളേയും സഹപ്രവർത്തകരേയും ക്ഷണിച്ചിരുന്നു. പ്രാർത്ഥനക്കു ശേഷം ലക്നൗവിൽ ജൂലൈ 23-ന് മാസ്റ്റർ ചെയ്ത ഇംഗ്ലീഷിലുള്ള പ്രഭാഷണം പ്രക്ഷേപണം ചെയ്തു (വായിക്കപ്പെട്ടു). ഇതു ക്ഷണിതാക്കൾക്ക് സഹജമാർഗ്ഗ സിദ്ധാന്തങ്ങളെക്കുറിച്ച് മികച്ചൊരു ധാരണ നൽകി.

## മംഗലാപുരം, കർറാടക

മംഗലാപുരം കേന്ദ്രത്തിൽ ആഗസ്റ്റ് 24-ന് സഹോ. മോഹൻദാസ് ഹെഗ്ഡെ ഒരു പരിശീലന യോഗം (Advanced Training Seminar) സംഘടിപ്പിച്ചു. ഇതു മിഷൻെറ സിദ്ധാന്തങ്ങളെക്കുറിച്ചുള്ള ശരിയായ ധാരണയിലൂടെ അഭ്യാസികളുടെ ആദ്ധ്യാത്മിക പുരോഗതിയെ ലക്ഷ്യമാക്കിയുള്ളതും മാസ്റ്ററുടെ നിരന്തരമായ ആദ്ധ്യാത്മിക സഹായത്തെ പ്രയോജനപ്പെടുത്താൻ അഭ്യാസികളെ പ്രേരിപ്പിക്കാനുമായിരുന്നു.

ഇതിൽ പ്രമുഖമായത് അടിസ്ഥാന തത്വങ്ങളെപ്പറ്റിയുള്ള വിശദീകരണങ്ങളായിരുന്നു. ഭണ്ഡാരകളിൽ പങ്കെടുക്കുന്നതിൻേറയും മാസ്റ്ററോടുള്ള സ്നേഹം വളർത്തുന്നതിൻേറയും ആവശ്യകതകളും, പ്രാർത്ഥനയുടെ ഫലദായകത്വവും വിശദീകരിക്കപ്പെട്ടു. ദുബായിൽ മാസ്റ്റർ അഭ്യാസികളുമായി നടത്തിയ ചർച്ചയുടെ വീഡിയോ പ്രദർശിപ്പിക്കപ്പെട്ടു, അതിൽ അദ്ദേഹം അവസ്ഥാനിർമ്മിതിയെപ്പറ്റി വിശദീകരിക്കുന്നുണ്ട്. മാസ്റ്ററാൽ ഒരഭ്യാസിയിൽ ആനന്ദകരമായ ഒരു അവസ്ഥ സൃഷ്ടിക്കപ്പെടുകയാണെങ്കിൽ, അഭ്യാസി അതിനേക്കുറിച്ച് വീണ്ടും വീണ്ടും സ്മരിക്കുകയും തന്നിലുള്ള ആ അവസ്ഥ പരമാവധി നിലനിർത്താൻ ശ്രമിക്കുകയും വേണം.

## പുതിയ പ്രസാധനങ്ങൾ




മാസ്റ്ററുടെ തമിഴിലുള്ള രണ്ട് പ്രഭാഷണങ്ങളടങ്ങിയ ഡി.വി.ഡി ഈ ദീപാവലിക്ക് പുറത്തിറക്കി.

1. തിരുപ്പൂരിലെ പുതിയ ധ്യാന മന്ദിരത്തിൻെറ ഉദ്ഘാടനം – 2 മാർച്ച്, 2008 – 25 മി
2. മധുരയിൽ വച്ചു നടത്തിയ പ്രഭാഷണം – 31 ആഗസ്റ്റ്, 2008 – 20 മി

## ആശ്രയ – വയോധികർക്കായുള്ള ഭവനം

ഈറോഡിനടുത്ത് മാസ്റ്ററാൽ ആശീർവദിക്കപ്പെട്ട, ഒരു അഭ്യാസി സഹോദരൻ ആരംഭിച്ച, 'ആശ്രയ' എന്ന വൃദ്ധ സദനത്തിൻെറ ഉദ്ഘാടന ചടങ്ങിൽ ഏകദേശം 250 അഭ്യാസികൾ പങ്കെടുത്തു.

തിരുപ്പൂരിൽ നിന്നുള്ള അഭ്യാസികളുടെ വരവോടെ കാലത്തു 7 മണിക്ക് ചടങ്ങുകൾ ആരംഭിച്ചു. സത്സംഗത്തിനു ശേഷം സമൂഹത്തേയും വൃദ്ധജന സംരക്ഷണത്തിനെയും കുറിച്ചുള്ള സഹജമാർഗ്ഗ കാഴ്ച്ചപ്പാടിനെ ആസ്പദമാക്കി ചില സഹോദരന്മാർ സംസാരിച്ചു.



ശ്രദ്ധയോടെ ഉൾക്കൊണ്ട് പങ്കെടുത്തവരെല്ലാവർക്കും നല്ലൊരു അന്തരീക്ഷവും മാസ്റ്ററുടെ അനുഗ്രഹവും അനുഭവപ്പെട്ടു.

## കൊടൈക്കനാൽ, തമിഴ്നാട്

ഈ മലയോര വിനോദ സഞ്ചാര കേന്ദ്രത്തിലേക്ക് സഹജമാർഗ്ഗത്തെ എത്തിക്കാനുള്ള മിഷൻെറ പ്രവർത്തനങ്ങളെ നിലനിർത്തിക്കൊണ്ടിരിക്കുന്നത് കൊടൈക്കനാലിലെ പ്രാദേശിക അഭ്യാസികളും മധുരൈ സെൻററിൽ നിന്നുള്ള അഭ്യാസികളുമാണ്.

ബൃന്ദാവൻ പബ്ലിക് സ്കൂളായിരുന്നു 20 അധ്യാപകർക്കായി സെപ്റ്റംബർ 12-ന് നടന്ന സഹജമാർഗ്ഗത്തെക്കുറിച്ചുള്ള ഒരു പ്രസംഗത്തിൻെറ വേദി. സഹജ മാർഗ്ഗ പദ്ധതി, മിഷൻ, മാസ്റ്റർമാർ, പരിശീലന സമ്പ്രദായം അഥവാ പ്രായോഗിക ഉപയോഗങ്ങൾ എന്നിവയെല്ലാമായിരുന്നു ഇതിലുൾപ്പെടുത്തിയിരുന്ന വിഷയങ്ങൾ. ചില അധ്യാപകർ മിഷനിൽ ചേരാൻ സന്നദ്ധത പ്രകടിപ്പിച്ചു. ഈ പരിപാടിക്കായി മികച്ച സഹകരണം നൽകിയ പ്രിൻസിപ്പൽ ശ്രീ. മുന്ന സിംഗ് വൈകാതെ തന്നെ അധ്യാപകർക്കായുള്ള മൂല്യാധിഷ്ഠിത വിദ്യാഭ്യാസ പരിശീലനം ആരംഭിക്കാൻ അനുമതി നൽകി.

ഗ്രാമ വികസനം പരിശീലിപ്പിക്കുന്ന സ്ഥാപനങ്ങളിലൊന്നായ ശ്രീ ജയേന്ദ്ര സരസ്വതി കോളേജിൽ ഒരു ദ്വിദിന പരിപാടി സംഘടിപ്പിക്കപ്പെട്ടു. ആദ്യദിനമായ 2008 സപ്തംബർ 26-ന് 10 അധ്യാപകർ പങ്കെടുത്തു. അടുത്ത ദിവസം, ഏകദേശം 100 വിദ്യാർത്ഥികൾ സഹജ മാർഗ്ഗ പദ്ധതിയിലെ ധ്യാനത്തെക്കുറിച്ചുള്ള ഒരു ചർച്ചയിൽ പങ്കെടുത്തു. 15 വിദ്യാർത്ഥികൾ പരിശീലനം തുടങ്ങാൻ ആഗ്രഹം പ്രകടിപ്പിച്ചു. ഈ പരിപാടികൾക്ക് മേൽനോട്ടം വഹിച്ചത് പ്രാദേശിക അഭ്യാസികളായ സഹോ. പ്രസാദ്, സഹോ. വി. സി. റാവു എന്നിവരാണ്



SRCM
# ഇക്കോസ് ഇന്ത്യ
Zonal Roundup
നവംബർ 2008 സ്വകാര്യ പ്രചരണത്തിന് മാത്രം വാല്യം 1 ലക്കം 6

## പരിശീലന പരിപാടികൾ

### പൻഷേറ്റ് റിട്രീറ്റ് സെൻറർ, പൂന

മാസ്റ്ററുമായുള്ള അടുപ്പം എങ്ങനെ ഉണ്ടാക്കാം എന്നതായിരുന്നു ഒക്ടോബർ 4, 5 തീയ്യതികളിൽ പൻഷേറ്റ് റിട്രീറ്റ് സെൻററിൽ വെച്ച് മഹാരാഷ്ട്രയിലെ യുവാക്കൾക്കായി നടത്തിയ ഒത്തുചേരലിൻെറ വിഷയം.

റിട്രീറ്റ് സെൻററിലെ ശാന്തസുന്ദരമായ അന്തരീക്ഷം 40 അഭ്യാസികളും, സഹായികളും പങ്കെടുത്ത ഈ ഒത്തുചേരലിന് വളരെ അനുയോജ്യമായതായിരുന്നു. മാസ്റ്ററുമായുള്ള ബന്ധം, സഹജ മാർഗ്ഗത്തിൻെറ ദീപശിഖയേന്തേണ്ടതിൽ യുവാക്കൾക്കുള്ള പങ്ക്, സഹജ മാർഗ്ഗ പരിശീലനത്തിൻെറ അടിസ്ഥാന തത്വങ്ങൾ എന്നിവയെപ്പറ്റി ചർച്ച നടന്നു.

സംഭാഷണങ്ങളുടെ ഇടയിൽ സിനിമ, പ്രശ്നോത്തരി, കളികൾ, രസകരമായ പവർപോയിൻറ് അവതരണങ്ങൾ, മാസ്റ്റർ നൽകിയ സംഭാഷണങ്ങളിലെ പരിപാടിക്ക് അനുയോജിച്ച നുറുങ്ങുകൾ, അഭ്യാസികളുടെ സംഗീത പരിപാടി എന്നിവയും ഉണ്ടായിരുന്നു. ഭക്ഷണത്തിൻെറയും താമസത്തിൻെറയും ക്രമീകരണങ്ങളും അതിലുപരി പൂനെയിലെ അഭ്യാസികളുടെ പരിചരണവും സ്നേഹനിർഭരമായ പെരുമാറ്റവും ഈ പരിശീലന പരിപാടിയെ അവിസ്മരണീയമായ ഒരനുഭവമാക്കിത്തീർത്തു.

### ഗാസിയാബാദ്, യു.പി

2008 സപ്തംബർ 28–നു നടത്തിയ ഈ പരിശീലന പരിപാടിയിൽ രണ്ട് വർഷത്തിൽ താഴെയായി സഹജ മാർഗ്ഗ പരിശീലനം നടത്തിവരുന്ന ഏകദേശം 50 അഭ്യാസികൾ പങ്കെടുത്തു. ഇവർ ഗാസിയാബാദ്, സഹിബബാദ്, നോയ്ഡ എന്നിവിടങ്ങളിൽ നിന്നുള്ളവരായിരുന്നു. സിദ്ധാന്തങ്ങളേക്കാളുപരി ശരിയായ രീതിയിലുള്ള ചിട്ടയായുള്ള സഹജ മാർഗ്ഗ പരിശീലനത്തിനായിരുന്നു ഇവിടെ കൂടുതൽ ഊന്നൽ നൽകിയിരുന്നത്.

പരിശീലനത്തിൽ പങ്കെടുത്തവർക്ക് സാധനയുടെ അടിസ്ഥാന തത്വത്തെക്കുറിച്ച് വളരെ ലളിതവും ഫലവത്തായതുമായ രീതിയിൽ വിശദീകരിച്ചു കൊടുക്കുകയുണ്ടായി. പുസ്തകങ്ങൾ വായിച്ചതിനുശേഷവും അവശേഷിച്ച പല സംശയങ്ങളും, പ്രത്യേകിച്ചും നിരന്തര സ്മരണയെക്കുറിച്ചും ശുദ്ധീകരണത്തെയും സംബന്ധിച്ചുള്ളവ നിവാരണം ചെയ്യുവാൻ ഇത് സഹായിച്ചു. പുതിയ അഭ്യാസികൾക്കായുള്ള ഇത്തരം പരിപാടികളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു

### ജമ്മു

സപ്തംബർ 26നും ഒക്റ്റോബർ 9നും രണ്ട് തുറന്ന സദസ്സുകൾ സംഘടിപ്പിച്ചു. ഇതിൽ ഒരെണ്ണം ജെനെസിസ് ഇൻസ്ടിറ്റ്യൂട് ഓഫ് കോമ്പിറ്റീറ്റിവ് സ്റ്റഡീസ് (ഐ.എ.എസ് പരീക്ഷാ പരിശീലനത്തിനായുള്ള സ്ഥാപനം) ആയിരുന്നു. ഇവിടെ "സഹജ മാർഗ്ഗം സമതുലിതമായ ഒരു ജീവിത രീതി" എന്നതിനെക്കുറിച്ച് 21–25നും മധ്യേ പ്രായമുള്ള 35 വിദ്യാർത്ഥികൾക്കായി അവതരിപ്പിക്കുകയുണ്ടായി.

രണ്ടാമത്തേത് ജമ്മുവിൽ നിന്നും 90 കി.മി. അകലെ സ്ഥിതി ചെയ്യുന്ന ജ്യോതിപുരം എന്ന നഗരത്തിൽ 40–45 വയസ്സിനും മധ്യേ പ്രായമുള്ള എൻ.എച്.പി.സിയുടെ ജീവനക്കാർക്ക് വേണ്ടിയായിരുന്നു സംഘടിപ്പിച്ചത്. സഹജ മാർഗ്ഗത്തെ "ആത്മീയതയിലെ ഒരു പുതിയ കിരണം" എന്നാണ് ഇവിടെ അവതരിപ്പിച്ചത്.

രണ്ട് പരിപാടികൾക്കും വളരെ നല്ല പ്രതികരണമാണ് ലഭിച്ചത്. പങ്കെടുത്തവരിൽ 15 പേർ സാധന തുടങ്ങുവാൻ താത്പര്യം പ്രകടിപ്പിച്ചു.



### ഹൈദരാബാദ്, എ.പി

120 അഭ്യാസികൾക്കായി എസ്.ആർ നഗർ ധ്യാന കേന്ദ്രത്തിൽ 2008 സപ്തംബർ 28–ന് ഒരു ശിൽപശാല നടത്തുകയുണ്ടായി. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പരിശീലനം തുടങ്ങിയ പുതിയ അഭ്യാസികളുമായി സംവേദനം നടത്തുകയുണ്ടായി. പങ്കെടുത്തവർക്ക് ഈ പുതിയ ശൈലി സാധാരണ ക്ലാസ് റും പ്രഭാഷണങ്ങളേക്കാൾ ഫലവത്തായി അനുഭവപ്പെട്ടു.

"സഹജ മാർഗ്ഗത്തിലേക്ക് സ്വാഗതം" എന്ന പുസ്തകത്തിൽ പ്രതിപാദിച്ചിരുന്ന വിഷയങ്ങളെ ആസ്പദമാക്കിയവയായിരുന്നു ഗ്രൂപ്പു ചർച്ചകൾ. എല്ലാ വിഷയങ്ങളെക്കുറിച്ചും വളരെ വിസ്തരിച്ചു തന്നെ ചർച്ച ചെയ്യുകയുണ്ടായി. ചർച്ചകളിൽ എല്ലാവർക്കും തങ്ങളുടെ അഭിപ്രായങ്ങളും സംശയങ്ങളും പങ്കുവയ്ക്കുവാനുള്ള അവസരം ലഭിച്ചിരുന്നു. "സഹജമാർഗ്ഗ പരിശീലനം" എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള മാസ്റ്ററുടെ പ്രഭാഷണത്തിൻെറ ശബ്ദലേഖനം എല്ലാവരേയും കേൾപ്പിച്ചതിന് ശേഷം പരിപാടിക്ക് തിരശ്ശീലയിട്ടു.

### ടിൻസൂക്കിയ



ടിൻസൂക്കിയ ആശ്രമത്തിലുള്ള 64 അഭ്യാസികൾക്കും ഡിബ്രുഗർ സെൻററിൽ നിന്നുള്ള 19 അഭ്യാസികൾക്കും വേണ്ടി 2008 സപ്തംബർ 19–ന് ഒരു പരിശീലന പരിപാടി നടത്തുകയുണ്ടായി. സഹോ. ആശോക് സെൻ ഗ്രൂപ്പ സ്ലൈഡുകളുടെ പ്രദർശനം നടത്തി. അദ്ദേഹം മാസ്റ്ററെ ഉദ്ധരിച്ചു കൊണ്ട് ഇങ്ങനെ പറയുകയുണ്ടായി "മാസ്റ്റർക്ക് കീഴടങ്ങുക എന്നത് വെറും ഒരു മിഥ്യയാണ്. അത് അത്ര എളുപ്പമുള്ള കാര്യമല്ല. പകരം മാസ്റ്ററുടെ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിലൂടെ അദ്ദേഹത്തെ നമ്മിൽ കീഴടക്കുകയാണ് വേണ്ടത്".

### ബിദറിലെ(കർണ്ണാടകം) മുഴുദിന പരിപാടി

നമ്മുടെ മിഷൻെറ ജോയിൻറ് സെക്രട്ടറി സഹോ. എ.പി.ദുരൈയുടെ അധ്യക്ഷതയിൽ ബിദറിൽ സപ്തംബർ 21 ഞായറാഴ്ച ഒരു മുഴുദിന പരിപാടി സംഘടിപ്പിക്കുകയുണ്ടായി. ഉത്തര കർണ്ണാടക സോണൽ ഇൻ ചാർജ്ജ് സഹോ. രാജു കഷംപൂർക്കറും ബിദർ, ഭാൽകി, തനകുഷ്നൂർ, ഗുൽബർഗ്ഗ എന്നീ സെൻററുകളിൽ നിന്നുള്ള ഏകദേശം 50 അഭ്യാസികളും ഈ പരിപാടിയിൽ പങ്കെടുത്തു. രാവിലെ സത്സംഗത്തിനു ശേഷം എല്ലാ അഭ്യാസികളെയും പങ്കെടുപ്പിച്ചു കൊണ്ട് ഒരു ചർച്ച നടത്തുകയുണ്ടായി. ചർച്ചയുടെ വിഷയം സ്വന്തം സെൻററിലെ മിഷൻെറ വളർച്ചയ്ക്കായി നമുക്ക് എന്ത് സംഭാവന ചെയ്യുവാൻ സാധിക്കും എന്നതായിരുന്നു. അഭ്യാസികൾ അവരുടെ അഭിപ്രായങ്ങൾ നിരത്തിയതിൽ പ്രധാനമായവ തുറന്ന സദസ്സുകൾ സംഘടിപ്പിക്കുക, വീടുകളിൽ ഒത്തുചേരലുകൾ സംഘടിപ്പിക്കുക, പിന്നെ ഒരു നല്ല അഭ്യാസിയുടെ ഉത്തമ മാതൃകയായി സ്വയം വളരുക എന്നിവയായിരുന്നു. ഉച്ചയ്ക്ക് മാസ്റ്ററുടെ ഹബ്ബിൾ ബബ്ബിൾ എന്ന സമാഹാരത്തിൽ നിന്നുള്ള പ്രഭാഷണം പ്രദർശിപ്പിക്കുകയുണ്ടായി. എല്ലാ രീതിയിലും ഇതൊരു വളരെ നല്ല പരിപാടിയായിരുന്നു, പുതിയ അറിവുകൾ നേടി അതുവഴി കൂടുതൽ ഉത്സാഹത്തോടുകൂടി തങ്ങളുടെ സാധന തുടരാൻ ഈ പരിപാടി അഭ്യാസികളെ സഹായിച്ചു.



## മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിൻെറ സുവർണകാലം ഹൈദരാബാദിൽ

അഭ്യാസികളെയും വിദ്യാർത്ഥി സമൂഹത്തെയും ആത്മീയമൂല്യങ്ങൾ പരിശീലിപ്പിക്കുന്നതിനു വേണ്ടിയുള്ള മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിന് ഹൈദരാബാദിലെ വി.ബി.എസ്.ഇ കേന്ദ്രം തുടർച്ചയായ ശ്രദ്ധ നൽകിക്കൊണ്ടിരിക്കുന്നു.

"ജീവിതത്തിൻെറ കാഴ്ചപ്പാട്", "ലക്ഷ്യനിർണ്ണയം" എന്ന രണ്ടു വിഷയങ്ങളെപ്പറ്റി ആഗസ്റ്റ് 22നു ഒസ്മാനിയ മെഡിക്കൽ കോളേജിൽ വെച്ച് ചർച്ചയുണ്ടായി. ഏകദേശം രണ്ടര മണിക്കൂർ നീണ്ടു നിന്നു ചർച്ച വളരെ വിജ്ഞാനപ്രദവും ആവേശം പകരുന്നതും, ഹൃദയസ്പർശിയും, ശുദ്ധീകരിക്കുന്നതമായിരുന്നു എന്ന് പങ്കെടുത്തവരെല്ലാവരും അഭിപ്രായപ്പെട്ടു.

സെപ്റ്റംബർ രണ്ടാമത്തെ ആഴ്ചയിൽ ഈ വി.ബി.എസ്.ഇ. സംഘം നന്ദ്യാൽ സന്ദർശിക്കുകയും, അവിടെ എസ്.പി.വൈ. റെഡ്ഢി സ്കൂളിൽ ആ പ്രദേശത്തുള്ള 38 അധ്യാപകർക്ക് പരിശീലനപരിപാടി ഏർപ്പെടുത്തുകയുമുണ്ടായി. വിദ്യാഭ്യാസം, അധ്യാപകരുടെ പങ്, പ്രൈമറി-സെക്കണ്ടറി സ്കൂൾ സിലബസ്, മൂല്യങ്ങൾ, ജീവിതവും അതിൻെറ യഥാർത്ഥ കാഴ്ചപ്പാടും, ജീവിത മൂല്യങ്ങൾ ഗണിതത്തിലൂടെ പഠിപ്പിക്കുന്ന രീതി, മനസ്സിനെ ചിട്ടപ്പെടുത്തൽ മുതലായവയായിരുന്നു മുഖ്യ വിഷയങ്ങൾ.

സെപ്റ്റംബർ 7നു അഭ്യാസികൾക്കു വേണ്ടി മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിലൂന്നിയ (വി,ബി.എസ്.ഇ.) ഒരു പരിപാടി നടത്തുകയുണ്ടായി. ഇതേ തുടർന്ന് സെപ്റ്റംബർ 20നും 21നും ഒരു സമ്പൂർണ്ണ പരിശീലന പരിപാടി നടത്തുകയുണ്ടായി. ഇതിൽ ഏകദേശം 65 അഭ്യാസികൾ പങ്കെടുത്തു. വിവിധ വിഷയങ്ങളെക്കുറിച്ചുള്ള പ്രഭാഷണങ്ങൾ ശ്രവിക്കുന്നതോടൊപ്പം തന്നെ മൂല്യാധിഷ്ഠിത വിനോദങ്ങളിലും, ഗ്രൂപ്പ് പരിപാടികളിലും, പാട്ട് മുതലായ മറ്റു വിഷയങ്ങളിലും, ഭാഗഭാക്കാവുന്നതിന് അഭ്യാസികളെ പ്രോത്സാഹിപ്പിച്ചിരുന്നു. സ്കൂളുകൾ സന്ദർശിക്കുന്നതിനും മൂല്യാധിഷ്ഠിത വിദ്യാഭ്യാസപരിപാടികൾ ചർച്ച ചെയുന്നതിന്നും വേണ്ട നിർദ്ദേശങ്ങൾ അവർക്ക് നൽകുകയുണ്ടായി. യഥാർത്ഥത്തിൽ പരിപാടി എങ്ങനെയാണ് നടത്തേണ്ടതെന്നും, അതിനുശേഷം ചെയ്യേണ്ട കാര്യങ്ങൾ എന്തെല്ലാമാണെന്നും വിശദീകരിക്കുകയുണ്ടായി.

സെപ്റ്റംബർ 28ന് 'ഇ'യും 'എൽ' ഉം ഗ്രൂപ്പിലെ അധ്യാപകർക്കുവേണ്ടി ഒരു വി.ബി.എസ്.ഇ. പരിശീലനപരിപാടി സോണൽ ആശ്രമത്തിൽ വെച്ച് നടത്തുകയുണ്ടായി. പങ്കെടുത്ത എല്ലാ അധ്യാപകരും ആശ്രമാന്തരീക്ഷം ആസ്വദിക്കുകയുണ്ടായി. തങ്ങളുടെ ജീവിതത്തിലും, പാഠ്യപദ്ധതിയിലും വിദ്യാർത്ഥികളെ കൈകാര്യം ചെയ്യുന്ന രീതിയിലും, സാരമായ മാറ്റം ഈ പരിപാടി കൊണ്ടുണ്ടായി എന്ന് ചിലർ അഭിപ്രായപ്പെട്ടു.

## ഗാസിയാബാദ്, യു.പി.

ഇവിടത്തെ ആശ്രമത്തിൽ 70 ബി.എഡ്. വിദ്യാർത്ഥികൾക്കുവേണ്ടി വി.ബി.എസ്.ഇ. ക്ലാസ്സുകൾ നടത്തുകയുണ്ടായി. പ്രിൻസിപ്പാളും, എല്ലാ വിഭാഗങ്ങളുടെയും തലവന്മാരും, മറ്റു അധ്യാപകരും ഈ പരിശീലനപരിപാടിയിൽ പങ്കെടുത്തിരുന്നു. മൂല്യങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് പ്രത്യേകം ഊന്നിപ്പറഞ്ഞിരുന്നു, ഇതു കൂടാതെ ധ്യാനത്തിലൂടെ മനസ്സിനെ എങ്ങനെ ചിട്ടപ്പെടുത്താം എന്നതിനും ഊന്നൽ നൽകി.

ആത്മാവ്, മനശുദ്ധീകരണം, ഞാൻ ആരാണ്, മനുഷ്യശരീരത്തിൽ മനസ്സിൻെറ സ്ഥാനം, മനസ്സ് ഉപയോഗിച്ച് ആത്മാവുമായി എങ്ങനെ ബന്ധപ്പെടുവാൻ സാധിക്കും, സ്ഥൂലത എങ്ങനെ ഒഴിവാക്കാം എന്നീ വിഷയങ്ങൾ ചർച്ച ചെയ്യുകയുണ്ടായി. തത്വങ്ങൾ ഹൃദിസ്ഥമാക്കുന്നതിന് പ്രായോഗികപരിശീലനവും ഉണ്ടായി.

മിഷനെക്കുറിച്ചും, സഹജമാർഗ്ഗ ധ്യാനത്തെക്കുറിച്ചും ഒരു ചെറിയ വിവരണമുണ്ടായി. അഞ്ചു നിമിഷത്തെ പ്രാർത്ഥനയോടെ പരിപാടി സമാപിച്ചു. വിദ്യാർത്ഥികളിൽനിന്നും, അധ്യാപകരിൽ നിന്നുമുള്ള പ്രതികരണം ആശാവഹമായിരുന്നു. സഹോദരി ചന്ദർ കാന്തയും,സഹോദരൻ അംകൂറും ആയിരുന്നു പരിപാടിയുടെ അമരക്കാർ.

## റാഞ്ചിയിൽ വി.ബി.എസ്.ഇ

### സെൻറ് അലോഷ്യസ് സ്ക്കൂൾ

പ്രബന്ധമത്സരങ്ങൾ നടത്തിയതിൻെറ ഫലമായി സെപ്റ്റംബർ 2നു ഈ സ്കൂളിൽ വെച്ച് ഒരു പരിപാടി ആസൂത്രണം ചെയ്യാൻ അവസരം ലഭിച്ചു. മൊണ്ടിസ്സറി, ലോവർ, അപ്പർസെക്കൻററി ക്ലാസുകളിലെ അധ്യാപകർക്ക് അഭംഗുരം പങ്കെടുക്കുന്നതിനു വേണ്ട സൗകര്യം ഒരുക്കുന്നതിനു വേണ്ടി, സ്കൂളിന് അന്ന് അവധി പ്രഖ്യാപിച്ചിരുന്നു.

സഹോദരൻ അരുൺകുമാർ ലാലും, പ്രിൻസിപ്പാൾ സിൽവർസ്റ്റർ സുരീനും ചേർന്ന് പരിപാടികൾ ഉദ്ഘാടനം ചെയ്തു. സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിയായ മനോജ് തിവാരി, മിഷൻെറ ചരിത്രവും, എസ്.എം.എസ്.എഫ്, എസ്.എം.ആർ.ടി.ഐ, വി.ബി.എസ്.ഇ എന്നിവയെക്കുറിച്ച് വിശദീകരിച്ചു.

അഭ്യാസികളുടെ വി.ബി.എസ്.ഇ. യെക്കുറിച്ചുള്ള ഈ വിശദീകരണത്തിനുശേഷം സഹോദരൻ ഗിൽബർട്ട് പിൻേറാ എസ്.ജെ. നന്ദി പ്രകടനം നടത്തി. റാഞ്ചി കേന്ദ്രത്തിലുള്ള അഭ്യാസികളോടും മിഷനോടും ഉള്ള അഗാധമായ കടപ്പാട് അദ്ദേഹം രേഖപ്പെടുത്തി. പൂർവ്വ വിദ്യാർത്ഥികൾ സ്കൂളിലെ ഇപ്പോഴത്തെ വിദ്യാർത്ഥികളുടെ അഭിവൃദ്ധിയിൽ കൂടുതൽ താത്പര്യം കാണിക്കുന്നതിലുള്ള അദ്ദേഹത്തിൻെറ സന്തോഷം പ്രകടമാക്കി..

### ഉർസുലൈൻ സ്കൂൾ

സെൻറ് അലോഷ്യസ് സ്കൂളിലെ പരിപാടിയെപ്പറ്റി കേട്ടറിഞ്ഞ ഉർസുലൈൻ സഹോദരിമാർ ശ്രീ. മുകേഷ് തനേജയെ സമീപിക്കുകയും അവിടത്തെ സഹോദരിമാർക്ക് അത്തരത്തിൽ ഒരു പരിപാടി നടത്തുന്നതിനു വേണ്ടി ആവശ്യപ്പെടുകയും ചെയ്തു.

മറ്റുള്ള ഉർസുലൈൻ സ്ഥാപനങ്ങളിലെ സഹോദരിമാരെ ഉൾപ്പെടുത്തി, മോണ്ടിസ്സറി ,പ്രൈമറി, സെക്കൻററി, ഇൻറർ കോളേജ് എന്നീ സ്ഥാപനങ്ങളിലെ നൂറോളം അധ്യാപകർക്കുവേണ്ടി ഒരു ശിൽപശാല സംഘടിപ്പിച്ചു. അവരിൽ നിന്നും ലഭിച്ച പ്രതികരണത്തിൻെറ അടിസ്ഥാനത്തിൽ പരിപാടി ഹ്രസ്വവും ചടുലവും, അധ്യാപകരുടെ കൂടുതൽ പങ്കാളിത്തം ഉറപ്പ് വരുത്തുന്ന രീതിയിലും ആക്കുവാൻ സഹായിച്ചു.

വി.ബി.എസ്.ഇ പരിപാടി ഈ രണ്ട് സ്കൂളുകളിലെങ്കിലും തുടർന്നു കൊണ്ടു പോകുന്നതിന് ഇത് സഹായിക്കും. ഇത് ശ്രീ രാംചന്ദ്ര മിഷന് മാസ്റ്ററുടെ പരിപാടികൾ ജനമധ്യത്തിലേക്ക് കൊണ്ടുപോകുന്നതിന് സഹായിക്കും. അതുവഴി യുവവിദ്യാർത്ഥികൾക്ക് മൂല്യങ്ങളുടെ വ്യത്യാസങ്ങൾ അനുഭവിച്ചറിയുവാനും അവസരമൊരുക്കും.

## ബറൂണി,ബീഹാർ



ബറൂണിയിലെ അഭ്യാസികൾക്കും അധ്യാപകർക്കും കുട്ടികൾക്കും വേണ്ടി 2008 സെപ്റ്റംബർ 29ന് ഒരു വി.ബി.എസ്.ഇ. ക്ലാസ്സ് സംഘടിപ്പിക്കുകയുണ്ടായി. പാറ്റ്ന കേന്ദ്രത്തിലെ സഹോദരൻ ഡോ. വിജയകുമാർ വിഷയം അവതരിപ്പിച്ചു. ഇന്നത്തെ വിദ്യാഭ്യാസ ലോകത്ത് നിലനിന്നു വരുന്ന മൂല്യങ്ങളെപ്പറ്റിയും, മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നടപ്പിൽ വരുത്തുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. മൂല്യാധിഷ്ഠിത വിദ്യാഭ്യാസം നടപ്പിലാക്കുന്നതിന് പരീക്ഷണങ്ങൾ എങ്ങനെയാണ് സഹായിക്കുന്നതെന്ന് ധൻബാദ് കേന്ദ്രത്തിലെ സഹോദരി ദീപ്തി വിശദീകരിച്ചു.

# തുറന്ന സദസ്സുകൾ

## ബറൂണി റിഫൈനറിയിലെ ട്രെയ്നീ എഞ്ചിനീയർമാർ

ആത്മവികാസത്തിനും, മാനസിക പിരിമുറുക്കം കൈകാര്യം ചെയ്യുന്നതിനും വേണ്ടി ഐ.ഒ.സി.എൽ റിഫൈനറി ഡിവിഷനിലെ 30 പ്രൊബേഷണറി എഞ്ചിനീയർമാർക്കു വേണ്ടി ഒരു ശിൽപശാല സപ്റ്റംബർ 20,2008ന് സംഘടിപ്പിച്ചു. മുതിർന്ന ഓഫീസർമാരും ഇതിൽ പങ്കെടുത്തു. ധ്യാനത്തിലൂടെ പിരിമുറുക്കം എങ്ങനെ നിയന്ത്രിക്കാം എന്ന വിഷയത്തെക്കുറിച്ചുള്ള ചർച്ചക്ക് സഹോദരൻ പ്രബോധ് സംഘ്‌വി നേതൃത്വം നൽകി. 'ആത്മവികാസത്തിന് ധ്യാനത്തിൻെറ പ്രയോഗക്ഷമത' എന്ന വിഷയത്തെപ്പറ്റി ഡോ. എം. ഭട്നാഗർ സംസാരിച്ചു. സഹജമാർഗ്ഗ പരിശീലനത്തിലൂടെ എങ്ങനെ സമഗ്രമായ ആത്മവികാസം സാധിക്കാമെന്ന് അദ്ദേഹം വിശദീകരിച്ചു. ബേഗുസാരായിലെയും സമീപപ്രദേശങ്ങളിലെയും ധാരാളം അഭ്യാസികൾ ഈ ശിൽപശാലയിൽ പങ്കെടുത്തു.

## രാംനഗർ ഉത്തരാഖണ്ട്

ഫോറസ്റ്റ് കൺസർവേറ്റർ സഹോദരൻ എൻ. പി.സിങ്ങിൻെറ ക്ഷണം സ്വീകരിച്ച് ഫോറസ്റ്റ് ഡിപ്പാർട്മെൻറിലെ 52 ജീവനക്കാർ ഈ സദസ്സിൽ പങ്കെടുത്തു. "ആത്മീയതയുടെ വിളി" എന്ന വിഷയത്തെക്കുറിച്ച് മിഷൻെറ പ്രിസപ്റ്റർമാർ സംസാരിച്ചത് സദസ്സ് സശ്രദ്ധം ശ്രവിച്ചു. തുടർന്ന് നടന്ന ചോദ്യോത്തരവേളയിൽ നിന്നും സഹജമാർഗ്ഗത്തെക്കുറിച്ച് അറിയുന്നതിനുള്ള സദസ്സ്യരുടെ ആകാംക്ഷ വളരെ വ്യക്തമായിരുന്നു.

## ഉജ്ജയിനി

ഒക്ടോബർ 5ന് നൂറ്റിപ്പത്തോളം ആത്മീയാന്വേഷികൾ പങ്കെടുത്തു. 'മനുഷ്യ ജീവിതത്തിൻെറ ലക്ഷ്യം' എന്ന വിഷയത്തെക്കുറിച്ചായിരുന്നു തുറന്ന സദസ്സിൽ സംസാരിച്ചത്. തുടർന്ന് അടിസ്ഥാന തത്വങ്ങളെപ്പറ്റിയും സംസാരിച്ചു. സഹോദരൻ സഞ്ജയ് ഖണ്ടേലാൽ മിഷനെയും മാസ്റ്ററെയും കുറിച്ച് സംസാരിച്ചു. അതിനുശേഷം നടന്ന ചോദ്യോത്തര പംക്തി സഹോദരൻ വികൽപമുദ്രയും, സഹോ. വൈ.ജി.ജോഷിയും കൈകാര്യം ചെയ്തു. എൺപതോളം ക്ഷണിതാക്കൾ ഈ പരിപാടി ഇഷ്ടപ്പെടുകയും, ശ്രീ രാം ചന്ദ്ര മിഷനിൽ ചേരാൻ താൽപര്യം കാണിക്കുകയും ചെയ്തു.

## അഹമ്മദാബാദ്




ധ്യാനത്തിലൂടെ മനസ്സിൻെറ ക്രമീകരണം എന്നതായിരുന്നു സെപ്റ്റംബർ 28ന് തുറന്ന സദസ്സിൽ അവതരിപ്പിച്ച വിഷയം. എഞ്ചിനീയറിംഗ് വിദ്യാർത്ഥികളെയും ഇതിനായി ക്ഷണിച്ചിരുന്നു. ചെറുപ്പക്കാരായ വിദ്യാർത്ഥികളെ സഹജമാർഗ്ഗത്തിലേക്ക് കൊണ്ടുവരുവാൻ ഇതു സഹായിച്ചു.

മാനസിക പിരിമുറുക്കം കൈകാര്യം ചെയ്യുന്നതിനുവേണ്ടി അഹമ്മദാബാദിലെ നിർമ സർവ്വകലാശാല കാമ്പസ്സിൽ അവിടത്തെ അധ്യാപകർക്കായി ഒരു പരിപാടി ആസൂത്രണം ചെയ്തിരുന്നു. മാനസികപിരിമുറുക്കം കുറക്കുന്നതിനുള്ള കഴിവും ഉത്സാഹവും ഫലദായകത്വവും വളർത്തുന്നതിനുള്ള ഒറ്റ മൂലിയായി ധ്യാനത്തിൻെറ ആവശ്യകതയും ഇവിടെ അവതരിപ്പിച്ചു.

സന്തോഷിതരായ അധ്യാപകർ, വിഷയം അവതരിപ്പിച്ച മിഷൻെറ പ്രവർത്തകനെ അവരുടെ സ്ഥാപക ദിന പരിപാടിയിൽ വിദ്യാർത്ഥികളെ അഭിസംബോധന ചെയ്യുന്നതിനുവേണ്ടി ക്ഷണിക്കുകയുണ്ടായി..

## ബി.എച്. ഇ. എൽ., ഹൈദരാബാദ്

മനസ്സിൻെറ ക്രമീകരണത്തിന് ധ്യാനത്തിൻെറ ആവശ്യകത എന്നതായിരുന്നു സപ്റ്റംബർ 20നുള്ള മുഴുദിന പരിപാടിയിലെ വിഷയം. സെൻറ് സേവിയർ പി, ജി. കോളേജ്, സ്കോളേഴ്സ് ഡിഗ്രി കോളേജ്,റാവൂസ് ഇൻസ്റ്റിട്യൂട്ട് ഓഫ് കോമേഴ്സ് എന്നീ സ്ഥാപനങ്ങളിൽനിന്നായി എഴുപത്തഞ്ചോളം വിദ്യാർഥികൾ പങ്കെടുത്തു.

മിഷൻെറ ലക്ഷ്യത്തെക്കുറിച്ചും,യുവാക്കൾക്കിടയിൽ ധ്യാനത്തിൻെറ പ്രാധാന്യം,വ്യക്തിയുടെ പരിവർത്തനത്തിലൂടെ സമൂഹപരിവർത്തനം എന്നിവയെക്കുറിച്ചും, വിദ്യാർത്ഥികളിൽ അവബോധമുണ്ടാക്കി.പരസ്പരം ആശയവിനിമയം നടത്തുന്നതിനുള്ള വിനോദങ്ങൾ ,ചോദ്യോത്തരവേള,മാസ്റ്ററുടെ പ്രഭാഷണത്തിൻെറ വീഡിയോ പ്രദർശനം മുതലായവ സഭക്ക് മാറ്റുകൂട്ടി.

മുപ്പതോളം പേർ മിഷനിൽ ചേരാൻ സന്നദ്ധത പ്രകടിപ്പിക്കുകയും സിറ്റിങ്ങിന് തയ്യാറാവുകയും ചെയ്തു. തുടർനടപടികൾ ഭെൽ കേന്ദ്രം ചെയ്തുകൊണ്ടിരിക്കുന്നു.

## ശിബ് സാഗർ, ആസ്സാം



സപ്റ്റംബർ 20ന് സ. സുധീർ ഭാരതീയ,ശിബ് സാഗർ ജില്ലയിൽ രണ്ടു സദസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി. ജോർഘാട്ട്, നസീറ, ടിൻസുക്കിയ എന്നീ കേന്ദ്രങ്ങളിൽ നിന്നുള്ള അഭ്യാസികൾ ഇതിൽ സന്നിഹിതരായിരുന്നു.ഉച്ചക്കു മുൻപുണ്ടായിരുന്ന മീറ്റിംഗിൽ പങ്കെടുത്തതു വ്യവസായസമൂഹത്തിൽ നിന്നുള്ള ചില വ്യക്തികളും ,ജേർണലിസ്റ്റുകളും, വിദ്യാഭ്യാസമേഖലയിൽ നിന്നുള്ള വ്യക്തികളും ആയിരുന്നു.ഉച്ചക്കുശേഷമുള്ള സദസ്സിൽ ഓയിൽ ഇന്ത്യയിൽ നിന്നുള്ള അതിഥികളും,കർഷകരുടെ കുടുംബാംഗങ്ങളും പങ്കെടുത്തു. അടുത്ത ദിവസം ഒമ്പത് പേർ ധ്യാനപരിശീലനം ആരംഭിച്ചു.

## മുസ്സോറി, ഉത്തരാഖണ്ഡ്

ഇന്ത്യയിലെ പരമോന്നത അഡ്മിനിസ്ട്രേഷൻ ട്രെയിനിംഗ് സ്ഥാപനമായ മുസ്സോറിയിലെ ലാൽബഹദൂർ ശാസ്ത്രി നാഷണൽ അക്കാദമി ഓഫ് അഡ്മിനിസ്ട്രേഷനൽ സഹജമാർഗ്ഗത്തെക്കുറിച്ച് ചർച്ച ചെയ്തു.ഏപ്രിൽ –മേയ് 2008ൽ 110ഓളം വരുന്ന 1995 ബാച്ചിലെ വിദ്യാർഥികൾ മിഡ് കോഴ്സ് ട്രെയിനിങ്ങിനു വന്നിരുന്നു.പരിശീലനത്തിനിടക്ക് മാസ്റ്ററെക്കുറിച്ചും, മിഷനെക്കുറിച്ചും, പദ്ധതിയെക്കുറിച്ചും ഗാംഗ്ടോക്കിലെ സഹോദരൻ രവീന്ദ്ര തെലാംഗും,ഭോപ്പാൽ കേന്ദ്രത്തിലെ സച്ചിൻ സിൻഹയും (രണ്ടുപേരും ഐ. എ. എസ്. കാരാണ്) ആയിരുന്നു അനൗപചാരിക ചർച്ചകൾ നടത്തിയത്."ധ്യാനത്തിലൂടെ സന്തുലിത ജീവിതം –ഒരു ആത്മീയ സമീപനം" എന്ന വിഷയത്തെക്കുറിച്ച് ഔപചാരിക അവതരണവും ചർച്ചയുമുണ്ടായി.

അത്തരം ചർച്ചയും അവതരണവും 2007 ബാച്ചിലെ പ്രൊബേഷണേഴ്സിനും ഉണ്ടായിരുന്നു. ധ്യാനത്തെക്കുറിച്ചും, യോഗയെക്കുറിച്ചും,ധ്യാനത്തിൻെറ ഗുണഫലങ്ങളെക്കുറിച്ചും, മാനുഷീകമൂല്യങ്ങളിൽ അതിൻെറ സ്വാധീനവും, മാനസീകസംഘർഷങ്ങൾ ശരിയായി എങ്ങനെ കൈകാര്യം ചെയ്യുന്നതെന്നും അത് ക്രമേണ സന്തുലിതജീവിതം സാധ്യമാക്കുന്നതിനെക്കുറിച്ചും നടന്ന ചർച്ചകൾ ശ്രോതാക്കൾ ശ്രദ്ധാപൂർവ്വം ശ്രവിച്ചു.ഓഫീസർമാരും അവരുടെ കുടുംബാംഗങ്ങളുമടക്കം ഏതാണ്ട് 21പേർ ഈ രണ്ടു മാസത്തെ പരിശീലനകാലയളവിൽ സിറ്റിംഗ് എടുത്തു പരിശീലനം ആരംഭിച്ചു.ഇതിൽ ശ്രീലങ്കയിൽ നിന്നുള്ള ഒരു ഓഫീസറും ഉണ്ടായിരുന്നു.സത്സംഗങ്ങളും സംഘടിപ്പിച്ചിരുന്നു അതിൽ ഒന്ന് ഏപ്രിൽ 30നു ആയിരുന്നു. ഇവരിൽ ചിലർ ഡെറാഡൂൺ ആശ്രമത്തിലുണ്ടായ സത്സംഗത്തിലും പങ്കെടുത്തു. പുതിയ അഭ്യാസികളെസ്വാഗതം ചെയ്തു കൊണ്ടയച്ച സന്ദേശത്തിൽ മാസ്റ്റർ അവരെ അനുഗ്രഹിക്കുകയും, തുടർന്നുള്ള സേവനങ്ങൾ ചെയ്തുകൊടുക്കുവാൻ മിഷൻ ഭാരവാഹികളോട് ആവശ്യപ്പെടുകയും ചെയ്തു.

SRCM

# ഇക്കോസ് ഇന്ത്യ

Zonal Roundup

നവംബർ 2008 സ്വകാര്യ പ്രചരണത്തിന് മാത്രം വാല്യം 1 ലക്കം 6

## ഉത്തര കർണാടകം

### വാഡിയിൽ നടന്ന തുറന്ന സദസ്സ്

20 ഓളം വരുന്ന ആത്മീയാന്വേഷകർ പങ്കെടുത്ത ഒരു തുറന്ന സദസ്സ് ആഗസ്റ്റ് 17നു റെയിൽവെ കോളനിയിലെ മസ്ദൂർ യൂനിയൻ ഹാളിൽ വെച്ച് നടത്തി. പങ്കെടുത്തവരിൽ ഭൂരിഭാഗവും റെയിൽവെ ജീവനക്കാരായിരുന്നു. പ്രധാന പ്രാസംഗികൻ ഡോ. ഗജേന്ദ്ര സിംഗ് ഹിന്ദിയിൽ വളരെ ലളിതമായി സഹജമാർഗ്ഗ സാധനയുടെ വിവിധ വശങ്ങളെപറ്റി വിവരിച്ചു. സഹോദരൻ രാജു കാഷംപൂർ സഹജമാർഗ്ഗത്തിന്റെ സൂക്ഷ്മതലങ്ങളെപ്പറ്റി പ്രതിപാദിച്ചു. വാഡിയിലെ പ്രിസപ്റ്റർ സഹോദരൻ കിഷൻ റാവു ദേശ്പാണ്ടെ ആ സദസ്സ് അവസാനിപ്പിച്ചു കൊണ്ട് സംസാരിച്ചു. അതിനു ശേഷം നടന്ന ചർച്ച വളരെ പ്രയോജനപ്രദമായിരുന്നു. 5-6 പേർ സാധന തുടങ്ങുന്നതിനു താൽപര്യം പ്രകടിപ്പിച്ചു.

### ചിറ്റാപുർ

ചിറ്റാപുരിലെ വിത്തൽമന്ദിരിൽ ആഗസ്റ്റ് 24നു നടത്തിയ തുറന്ന സദസ്സിൽ ഏകദേശം 50 പേർ പങ്കെടുത്തു. സഹോദരൻ രാജു കാഷംപൂർ കന്നടയിൽ മിഷനെപ്പറ്റിയും മാസ്റ്ററെപ്പറ്റിയും സംസാരിച്ചു. അതിനുശേഷം ഡോ. ഗജേന്ദ്രസിംഗ് ഹിന്ദിയിൽ മാനവ ജീവിതത്തിന്റെ യഥാർഥ ലക്ഷ്യത്തെക്കുറിച്ചും സഹജമാർഗ്ഗ സാധനാ പദ്ധതിയെക്കുറിച്ചും വിവരിച്ചു. ആത്മീയപരിശീലനം ഉടനടി ആരംഭിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് കെ. നാരായൺ റാവു സംസാരിച്ചു. എല്ലാ ആത്മീയാന്വേഷികളും പ്രഭാഷണങ്ങൾ ശ്രവിച്ചു. അവർ ഉന്നയിച്ച ചോദ്യങ്ങൾക്ക് വിശദീകരണം നൽകി. ചിറ്റാപുരിലെ പ്രിസപ്റ്റർ സഹോദരൻ മധുകർ റാവു നായ്ക് നന്ദി പറഞ്ഞതോടെ സദസ്സ് പിരിഞ്ഞു.

### ഗുൽബർഗ്ഗയിൽ നടന്ന കുടുംബ സദസ്സ്

ഏകദേശം 20-25 വയസ്സു വരുന്ന കുറേപേർ പങ്കെടുത്ത ഒരു വിശദീകരണയോഗം ആഗസ്റ്റിൽ സഹോദരൻ മഹേഷ് ദേശ്പാണ്ഡേയുടെ വസതിയിൽ വെച്ചു നടത്തി. ഡോ. ഗജേന്ദ്രസിംഗ് കന്നഡയിലും സഹോദരൻ ശ്രീകാന്ത് ജോഷി ഹിന്ദിയിലും സംസാരിച്ചു. സഹജമാർഗ്ഗ പദ്ധതിയുടെ ലാളിത്യവും ഗുണഫലത്തെയും അവിടെ ഊന്നി പറഞ്ഞു. സശ്രദ്ധം ശ്രവിച്ച അവർ ധാരാളം ചോദ്യങ്ങൾ ചോദിച്ചു. നല്ല രീതിയിലുള്ള പ്രതികരണമാണുണ്ടായത്. മാസ്റ്ററുടെ സൂക്ഷ്മസാന്നിദ്ധ്യം ധ്യോതിപ്പിക്കുന്ന ഒരാത്മീയ അന്തരീക്ഷം അവിടെയാകെ നിറഞ്ഞു നിന്നിരുന്നു.






### കൊപ്പൽ

ഇരുപത്തിയഞ്ചോളം ആത്മീയാന്വേഷകർക്കു നമ്മുടെ മിഷനെക്കുറിച്ച് ഒരു വിശദീകരണം സഹോദരൻ ജി. എസ്. കാമത്തും, സഹോദരൻ രാജു കാഷാംപൂരും നൽകി. അതിനുശേഷം യെൽബുർഗയിലെയും കൊപ്പലിലെയും കുട്ടികൾ കലാപരിപാടികൾ അവതരിപ്പിച്ചു. "നമ്മുടെ സാധന എങ്ങിനെ മെച്ചപ്പെടുത്തണം", 'നമ്മുടെ സെൻററുകളുടെ വളർച്ച എങ്ങനെ ത്വരിതഗതിയിലാക്കാം' എന്നീ വിഷയങ്ങളിൽ കൂട്ടായ ചർച്ച നടന്നു. പത്തു ഗ്രൂപ്പിൽനിന്ന് ഓരോ ഗ്രൂപ്പിന്റെ ലീഡർമാരും അവരുടെ ഗ്രൂപ്പിൽ നടന്ന ചർച്ചയുടെ ഒരു ചെറിയ വിവരണം നൽകി. കൊപ്പൽ, ഗംഗാവതി, ബെല്ലാരി, കാംബ്ലികൊട്ടാല, യെൽബർഗ, ഹുബ്ലി തുടങ്ങിയ സെൻററുകളിൽ നിന്നുമുള്ള 130 ഓളം അഭ്യാസികൾ ദിവസം മുഴുവൻ നീണ്ടു നിന്ന പരിപാടിയിൽ പങ്കെടുത്തു. പരിപാടി ഏവർക്കും പ്രയോജനപ്രദമായി എന്ന് പങ്കെടുത്ത അഭ്യാസികൾ അഭിപ്രായപ്പെട്ടു.

## പ്രബന്ധരചന



യുണൈറ്റഡ് നേഷൻസിന്റെ യുവദിന ആഘോഷങ്ങളോട് അനുബന്ധിച്ച് നടത്തിയ അഖിലേന്ത്യ പ്രബന്ധരചനാ മത്സരം രാജ്യമെമ്പാടുമുള്ള സ്കൂളുകളിലും കോളേജുകളിലും മിഷന്റെ ആശ്രമങ്ങളിലും വെച്ച് നടത്തുകയുണ്ടായി. യുണൈറ്റഡ് നേഷൻസും ശ്രീ രാം ചന്ദ്രാ മിഷനും ചേർന്നാണ് ഈ മത്സരം സംഘടിപ്പിച്ചത്. കുട്ടികളിലും യുവാക്കളിലും മൂല്യങ്ങൾ വളർത്തി അവരിലുള്ള ഊർജ്ജം, ഉത്സാഹം, കാഴ്ചപ്പാട്, തുറന്ന മനസ്ഥിതി എന്നിവ വർധിപ്പിക്കാനും വേണ്ടവണ്ണം ഉപയോഗിക്കാനും ലക്ഷ്യമിട്ടുകൊണ്ടാണ് ഇത് നടത്തിയത്.

10 മുതൽ 24 വരെ പ്രായമുള്ള 75000ഓളം കുട്ടികളും യുവാക്കളും പങ്കെടുത്ത ഈ ഉദ്യമത്തിൽ എഴുതപ്പെട്ട പ്രബന്ധങ്ങളുടെ മൂല്യനിർണ്ണയം നടന്നുകൊണ്ടിരിക്കുകയാണ്. 10-16 പ്രായപരിധിയിലുള്ള ജൂനിയർ വിഭാഗത്തിൽ "സത്യം ധീരതയാണ്" എന്ന വിഷയത്തെ ആസ്പദമാക്കി പ്രബന്ധരചന നടത്തി. 17-24 പ്രായപരിധിയിൽ സീനിയർ വിഭാഗത്തിൽ പെടുന്നവർ 'സ്വാഭിമാനത്തിനും ആത്മാഭിമാനത്തിനും ഒരാളുടെ സ്വഭാവരൂപീകരണത്തിൽ പങ്കുണ്ട്' എന്ന വിഷയത്തെക്കുറിച്ചാണ് എഴുതിയത്. പ്രബന്ധരചന ഇംഗ്ലീഷിലും മറ്റു ചില പ്രാദേശിക ഭാഷകളിലുമാണ് മിഷൻ നടത്തിയത്. വിദ്യാർത്ഥികളെ ഈ മത്സരം വളരെ ഉത്സുകരാക്കി എന്നതിനുപുറമെ, മിഷൻ വളൻറിയർമാർക്ക് ഒരു പാഠാനുഭവമായി.

വടക്ക് പഞ്ചക്കുളയിലുള്ള ഡൂൺ സ്ക്കൂൾ, പഞ്ചാബ് യൂണിവേർസിറ്റി തുടങ്ങി, തെക്കുള്ള ഒട്ടനവധി സ്ക്കൂളുകൾ വരെ രാജ്യത്തുടനീളം വിദ്യാർത്ഥികൾ ഈ മത്സരത്തിൽ പങ്കെടുത്തു. ഏകദേശം 6500 വിദ്യാർത്ഥികൾ റാഞ്ചിയിലെ വിവിധ വിദ്യാലയങ്ങളിൽ നിന്ന് ഇംഗ്ലീഷിലും ഹിന്ദിയിലും എഴുതി

കുരുന്നു വിദ്യാർത്ഥികളുടെ ഹൃദയങ്ങളെ തൊട്ടുണർത്തി, ജാംഷഡ്പുർ, ധൻബാദ്, ബൊക്കാറ, രാംഗർ, ലാൽപാറ്റിയ, പാറ്റ്ന, സിന്ധ്രി തുടങ്ങിയ സെൻററുകളും പ്രബന്ധരചനാ മത്സരം സംഘടിപ്പിച്ചു. കർണ്ണാടകത്തിലെ ഷിമോഗയിൽ 5 മുതൽ 10 വരെ ക്ലാസ്സിൽ പഠിക്കുന്ന 50ഓളം അന്ധരായ വിദ്യാർത്ഥികൾ ഉത്സാഹപൂർവ്വം ഇതിൽ പങ്കെടുത്തു. ഈ വിദ്യാർത്ഥികൾ പറഞ്ഞു കൊടുത്തത് വളണ്ടിയർമാർ എഴുതിയെടുക്കുകയാണ് ചെയ്തത്.


പ്രബന്ധരചനാമത്സരം വളണ്ടിയർമാരുടെ സംഘടനാ പാഠവത്തെ കൂടുതൽ മെച്ചപ്പെടുത്താൻ സഹായിച്ചു. സ്ഥാപനങ്ങളുമായി ബന്ധപ്പെടുക, മത്സരം നടത്തിപ്പ്, പ്രബന്ധം വിലയിരുത്തൽ തുടങ്ങിയ കാര്യങ്ങളിൽ ധാരാളം അഭ്യാസികളെ ഉൾപ്പെടുത്തുവാൻ ഈ പരിപാടി കൊണ്ടു കഴിഞ്ഞു. പ്രിൻസിപ്പാൾമാരും അദ്ധ്യാപകരും ഈ മത്സരം സംഘടിപ്പിക്കുന്നതിനു മുൻകൈ എടുത്തതു സന്തോഷകരമായ ഒരനുഭവമായി. സഹജമാർഗ്ഗ ധ്യാനപദ്ധതിയെക്കുറിച്ച് ധാരാളം അദ്ധ്യാപകരും സ്ഥാപക നടത്തിപ്പുകാരും ഔത്സുക്യം പ്രകടിപ്പിച്ചു. അവരിൽ കുറച്ചു പേർ പരിശീലനം തുടങ്ങാൻ തയ്യാറാവുകയും ചെയ്തു.

പ്രബന്ധരചനാമത്സരത്തിന്റെ ഫലപ്രഖ്യാപനം നവംബർ അവസാനത്തോടെ ഉണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു. ഇംഗ്ലീഷ് വിഭാഗത്തിലുള്ള ഏറ്റവും മികച്ച പ്രബന്ധങ്ങൾക്ക് ട്രോഫികൾ സമ്മാനിക്കും. മറ്റു ഭാഷകളിലുള്ള മികച്ച രചനകൾക്ക് പുസ്തകങ്ങൾ സമ്മാനം നൽകും. 60 ശതമാനത്തിൽ കൂടുതൽ മാർക്കുകൾ ലഭിക്കുന്ന എല്ലാ മത്സരാർത്ഥികൾക്കും മെറിറ്റ് സെർട്ടിഫിക്കറ്റ് നൽകും.

## പ്രകാശ കേന്ദ്രങ്ങൾ

### സേവാശ്രം-തിരുവനന്തപുരം: ഉയർന്നു വരുന്ന മറ്റൊരു പ്രകാശകേന്ദ്രം







അരുവിക്കര ഡാമിനടുത്ത് ആശ്രമത്തിനായുള്ള ആകർഷകമായ ഒരു സ്ഥലത്തിനാൽ കേരളത്തിന്റെ തലസ്ഥാനമായ തിരുവനന്തപുരം ധന്യമായിരിക്കുന്നു. പൂജ്യ മാസ്റ്റർ ബാബുജി മഹാരാജിനോടൊപ്പം വർഷങ്ങൾക്കുമുമ്പ് ഈ നഗരം സന്ദർശിക്കുകയും, തിരുവനന്തപുരം രാജകൊട്ടാരത്തിൽ അതിഥികളായെത്തി സത്സംഗത്തിൽ പങ്കെടുക്കുകയും ചെയ്തിരുന്ന കാര്യം ഇവിടെ പ്രസ്താവ്യമാണ്. കഴിഞ്ഞ ഒരു പതിറ്റാണ്ടോളമായി ,അറബിക്കടലിന്റെയും, പശ്ചിമ ഘട്ടത്തിന്റെയും ഇടയിലുള്ള, തിരുവനന്തപുരത്തെ അഭ്യാസികൾ ഒരാശ്രമത്തിനുവേണ്ടി സ്വപ്നം കാണുകയായിരുന്നു. അവരുടെ പ്രാർത്ഥനകളുടെ ഫലമായി ഏപ്രിൽ 15,2006-ൽ കേരളത്തിലേയും തമിഴ്നാട്ടിൽ നിന്നുമുള്ള ആയിരകണക്കിനു അഭ്യാസികളുടെയും സാന്നിദ്ധ്യത്തിൽ പൂജ്യ മാസ്റ്റർ ആശ്രമ മന്ദിരത്തിന്റെ തറക്കല്ലിട്ടു. തിരുവനന്തപുരത്തെ അഭ്യാസികൾ എക്കാലവും ഓർത്തിരിക്കുന്ന ഒരു സുദിനമാണ് ഏപ്രിൽ 15,2006. ആശ്രമമന്ദിരത്തിനു തറക്കല്ലിട്ടശേഷം, പ്രിയ മാസ്റ്റർ അവിടെ സത്സംഗം നടത്തുകയും അദ്ദേഹത്തിന്റെ സ്നേഹം നിറഞ്ഞ വാക്കുകളാൽ അഭ്യാസികളെ അനുഗ്രഹിക്കുകയും ചെയ്തു.

മൂന്ന് ഏക്കറയോളം വരുന്ന ആശ്രമത്തിനോട് ചേർന്ന്, രണ്ടു ഏക്കർ ഭൂമിയിൽ, അഭ്യാസികൾക്ക് താമസിക്കുവാൻ വേണ്ടി കോളനിയും ഉയർന്ന് വരുന്നുണ്ട്. തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിൽ നിന്നും 17കി.മി.റും വിമാനത്താവളത്തിൽ നിന്ന് 25 കി.മി.റും ദൂരെയാണ് ആശ്രമസ്ഥലം. നഗരപ്രദേശത്തേക്കുള്ള കുടിവെള്ളവിതരണം നടത്തുന്നതിനായുള്ള ജലശേഖരം ഇവിടെ അടുത്തുള്ള അരുവിക്കര ഡാമിലാണ്. ഡാമിന്റെ പ്രാന്തപ്രദേശത്തുള്ള എങ്ങും പച്ച പിടിച്ചു കിടക്കുന്ന നയനാനന്ദകരമായ ആശ്രമസ്ഥലത്തിൽ ധാരാളം വൃക്ഷങ്ങളുണ്ട്. ഈ ആശ്രമത്തിന് "സേവാശ്രം" എന്നാണ് പൂജ്യ മാസ്റ്റർ നാമകരണം ചെയ്തിരിക്കുന്നത്. തിരുവനന്തപുരം--വെള്ളനാട് ബസ്സ് റൂട്ടിന്റെ ഇടതുഭാഗത്തായാണ് ഈ ആശ്രമം.

ഇവിടെ ഉണ്ടായിരുന്ന ഒരു ചെറിയ കെട്ടിടം താൽക്കാലികമായി ധ്യാനമന്ദിരമാക്കി മാറ്റി. ഞായറാഴ്ചകളിൽ സത്സംഗം നടത്തുന്നത് ഇവിടെയാണ്. ആശ്രമ നിർമ്മാണത്തിനായുള്ള പദ്ധതി മാസ്റ്റർ അനുവദിച്ചിരുന്നു. അടിത്തറയുടെ പണി പൂർത്തീകരിച്ചു കൊണ്ടിരിക്കുകയാണ്.

മാസ്റ്റർ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, ആശ്രമങ്ങൾ പ്രകാശകേന്ദ്രങ്ങളാണ്. അവ ഇരുളകറ്റി ,ദിവ്യപ്രകാശം പരത്തുന്നു. ഈ പ്രകാശ കേന്ദ്രത്തിന്റെ ഉദ്ഘാടനം പൂജ്യ മാസ്റ്റർ നിർവ്വഹിക്കുന്നതിൽ ഭാഗഭാക്കവുന്നതിന് എല്ലാവരും അക്ഷമരായി കാത്തിരിക്കുകയാണ്. ആ ദിവസം വിദൂരമല്ലെന്നു നമുക്ക് ഉറപ്പിക്കാം.

### എസ്.ആർ.സി.എം. ഐഡൻറിറ്റി കാർഡുകൾ

മിഷനിൽ അഭ്യാസികൾക്കായി രണ്ടു തരം തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യപ്പെടുന്നുണ്ട്. ഇതിൽ ഏതെങ്കിലും ഒരു കാർഡ് അഭ്യാസികളുടെ കൈവശം ഉണ്ടായിരിക്കേണ്ടതാണ്.

#### ഇൻട്രൊഡക്ടറി കാർഡ്

സഹജമാർഗ്ഗപരിശീലനം തുടങ്ങുന്ന സമയത്ത് അഭ്യാസിക്ക് കൊടുക്കുന്നതാണ് ഈ കാർഡ്. അനുവദിക്കുന്ന ദിവസം മുതൽ ഒരു വർഷത്തെ കാലാവധിയാണ് ഈ കാർഡിന് ഉള്ളത്. ഈ കാർഡ് ലഭിക്കുന്നതിന് അഭ്യാസി "അഭ്യാസി ഇൻട്രൊഡക്ടറി ഫോം" പൂരിപ്പിച്ച് പ്രിസപ്റ്ററെ ഏൽപ്പിക്കേണ്ടതാണ്.

#### അഭ്യാസി കാർഡ്

കുറഞ്ഞത് ആറുമാസത്തെ നിരന്തര പരിശീലനം നടത്തിയിട്ടുള്ള ഒരു അഭ്യാസിക്ക് ഈ കാർഡ് കൊടുക്കുന്നു. ഈ കാർഡ് ലഭ്യമാകുന്നതിന്

--അഭ്യാസിയുടെ കൈവശം ഇൻട്രൊഡക്ടറി കാർഡ് ഉണ്ടായിരിക്കേണ്ടതാണ്.

--ആറു മാസത്തെ പരിശീലനം പൂർത്തിയാക്കിയിരിക്കണം.

--പ്രിസപ്റ്ററുടെ ശുപാർശ ആവശ്യമാണ്.

--നഷ്ടപ്പെട്ടുപോയ കാർഡിനു പകരമോ, പഴയ കാർഡിനു പകരമോ ആയി പുതിയ കാർഡിന് അപേക്ഷിക്കാം.

മറ്റുതരത്തിലുള്ള കാർഡുകൾ സ്വീകാര്യമല്ല. മുകളിൽ സൂചിപ്പിച്ച കാർഡുകൾ ലഭിക്കുന്നതിന് ഇതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾക്കോ അഭ്യാസിക്ക് സി. ഐ. സി. യുമായൊ, മെമ്പർഷിപ്പ് കോ-ഓർഡിനേറ്റർമാരുമായോ ബന്ധപ്പെടാവുന്നതാണ്. അതതു പ്രദേശത്തുള്ള സെൻറർ കോ-ഓർഡിനേറ്റർമാർ, നോഡൽ സെൻറർ മെമ്പർഷിപ്പ് കോ-ഓർഡിനേറ്റർമാരുമായി സഹകരിച്ച് പ്രവർത്തിക്കുന്നു. നിങ്ങളുടെ സെൻറർ മെമ്പർഷിപ്പ് കോ-ഓർഡിനേറ്റർമാരെ ബന്ധപ്പെടാനായുള്ള വിവരങ്ങൾ സെൻറർ ഇൻ ചാർജിന്റെ പക്കൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്കായി in.idcard@srcm.org എന്ന വിലാസത്തിൽ ഇമെയിൽ അയക്കുക.

**To subscribe to this Newsletter please visit http://www.srcm.org/centers/as/in/newsletter/index.jsp**
**For feedback, suggestions and news articles please send email to in.newsletter@srcm.org**

© 2008 Shri Ram Chandra Mission ("SRCM"). All rights reserved.
"Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.
This message may be edited for content and is intended exclusively for the members of SRCM.